# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2167 — 04/11/2019-ൽ മറുപടിക്ക്

### എൻ.എ.ബി.എച്ച്. അംഗീകാരമുള്ള ആശുപത്രികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) കേരളത്തിലെ ഏതെല്ലാം ആശുപത്രികൾക്കാണ് എൻ.എ.ബി.എച്ച് അംഗീകാരം ലഭിച്ചിട്ടുള്ളത്, ഇവയ്ക്ക് അംഗീകാരം ലഭിച്ച വർഷം വ്യക്തമാക്കുമോ; | എ) കേരളത്തിലെ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള എൻ .എ .ബി .എച്ച് അംഗീകാരം ലഭിച്ച ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| ബി) നിലവിൽ ഏതെല്ലാം സർക്കാർ ആശുപത്രികൾക്കാണ് എൻ.എ.ബി.എച്ച്. അംഗീകാരം ഉള്ളതെന്ന് അറിയിക്കാമോ; | ബി) 1. ജനറൽ ആശുപത്രി എറണാകുളം<br>2. ഡബ്ല്യൂ & സി കോഴിക്കോട് |
| സി) എൻ.എ.ബി.എച്ച്. അംഗീകാരം ഉണ്ടായിരുന്ന ആശുപത്രികൾക്ക് അത് നഷ്ടപ്പെടുന്നതിനും അംഗീകാരം പുതുക്കി ലഭിക്കാത്തതിനുമുള്ള കാരണങ്ങൾ വിശദമാക്കുമോ? | സി) 2013 ൽ കേന്ദ്രസർക്കാർ അക്രഡിറ്റേഷൻ പ്രോസസ്സായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് ( NQAS) ആരംഭിച്ചു . NQAS എന്നത് NABH പോലെ ISQUA (International Standard of Quality) അംഗീകരിച്ച അക്രഡിറ്റേഷൻ ആണ്.<br>NQAS ആരംഭിച്ചതോടുകൂടി സ്വതന്ത്ര |

എ) ഭാഗത്തിലെ പട്ടിക:

| SL. No. | ആശുപത്രി | ലഭിച്ച വർഷം |
|---|---|---|
| 1. | ജനറൽ ആശുപത്രി ഏറണാകുളം | 2017 |
| 2. | സാമൂഹിക ആരോഗ്യ കേന്ദ്രം പാണ്ടിപ്പള്ളി, ഏറണാകുളം | 2015 |
| 3. | ഡബ്ല്യൂ & സി കോഴിക്കോട് | 2013 |
| 4. | താലൂക്ക് ആശുപത്രി, ചേർത്തല, ആലപ്പുഴ | 2012 |
| 5. | ഡബ്ല്യൂ & സി , തൈക്കാട്, തിരുവനന്തപുരം | 2012 |
| 6. | ജില്ലാ ആശുപത്രി കണ്ണൂർ (പ്രീ അക്രഡിറ്റേഷൻ എൻട്രി ലെവൽ) | 2015 |
| 7. | റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം | 2014 |

| | | |
|---|---|---|
| | | ഏജൻസിയായി QCI നടത്തുന്ന NABH അക്രഡിറ്റേഷൻ സർക്കാർ ആശുപത്രികൾ എടുക്കുന്നതിനുള്ള സാമ്പത്തിക സഹായം നാഷണൽ ഹെൽത്ത് മിഷൻ (എൻ .എച്ച് .എം) R.O.P യിലൂടെ നൽകുന്നത് അവസാനിപ്പിച്ചിരിക്കുന്നു. NABH എടുക്കുന്നതിനു പ്രതിവർഷം അസ്സെസ്സ്മെന്റ് ഫീസും അതുകൂടാതെ അക്രഡിറ്റേഷൻ ഫീസായ മൂന്ന് ലക്ഷം രൂപയും ഓരോ ആശുപത്രിക്കും NABH ന്റെ നടത്തിപ്പുകാരായ സ്വതന്ത്ര ഏജൻസിയായ QCI ക്ക് നൽകേണ്ടതാണ്. ഇത് സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്നു. അതെ സമയം ഭാരത് സർക്കാർ നൽകുന്ന NQAS അക്രഡിറ്റേഷൻ നേടുകയാണെങ്കിൽ ഓരോ സ്ഥാപനത്തിനും പ്രതിവർഷം ഒരു കിടക്കയ്ക്ക് 10,000/- രൂപ എന്ന നിലയിൽ ഇൻസെന്റീവ് ലഭിക്കുന്നതാണ്. അത് കൊണ്ട് തന്നെ സർക്കാർ ഇപ്പോൾ NABH നെ പോലെ ISQUA അംഗീകരിച്ച NQAS അക്രഡിറ്റേഷൻ എടുക്കുന്നതിനാണ് മുൻഗണന നൽകുന്നത് .ഇതുവരെ സംസ്ഥാനത്തെ 55 ആശുപത്രികൾക്ക് NQAS അക്രഡിറ്റേഷൻ ലഭിച്ചുകഴിഞ്ഞു. 13 ആശുപത്രികൾ റിസൾട്ടിനായി കാത്തിരിക്കുകയാണ്. ഈ സാമ്പത്തിക വർഷാവസാനത്തോടെ 140 ആശുപത്രികൾ എങ്കിലും NQAS അക്രഡിറ്റേഷൻ നേടി എടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ